(ബി) ഇത് സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ക്രിമിനൽ നിയമം 190, 200 വകുപ്പുകൾ പ്രകാരം തൃശ്ശൂർ വിജിലൻസ് കോടതി മുമ്പാകെ സി. എം. പി. 863/02 നമ്പരായി സമർപ്പിച്ച ഹർജിയിൽ വിജിലൻസ് ഡയറക്ടറോട് അന്വേഷണം നടത്തുന്നതിന് കോടതി ഉത്തരവു നൽകിയിരുന്നോ;

(സി) എങ്കിൽ അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) പ്രഥമദൃഷ്ട്യാ ക്രമക്കേടുകൾ നടന്നതായി വിജിലൻസ് കോടതി കണ്ടെത്തിയ സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെയുള്ള അന്വേഷണം അടിയന്തിരമായി പൂർത്തിയാക്കാനും സ്ഥാപനത്തിന് വന്നിട്ടുള്ള സാമ്പത്തിക നഷ്ടം ഈടാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് തൃശ്ശൂർ വിജിലൻസ് കോടതി മുൻപാകെ സി. എം. പി. 863/02 നമ്പരായി ഒരു ഹർജി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. മേൽ സംഗതിയെപ്പറ്റി അന്വേഷണം നടത്തുന്നതിന് വിജിലൻസ് കോടതി വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതായി മനസ്സിലാക്കുന്നു. തൃശ്ശൂർ എൻകയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ 3-12-2002-ലെ സി.എം.പി. 863/2002 നമ്പർ നോട്ടീസ് പ്രകാരം മേൽപ്പടി പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം ജോയിന്റ് രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) എറണാകുളം ജോയിന്റ് രജിസ്ട്രാർ അന്വേഷണം നടത്തി 31-1-2003-ൽ വിജിലൻസ് കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) വിജിലൻസ് കോടതി അന്വേഷണത്തിന് എതിരെ സംഘം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു ഒ.പി. ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ തീരുമാനമൊന്നുമായില്ല.

മാവേലിക്കര സർവ്വീസ് സഹകരണ സംഘത്തിന്റെ വസ്തു വിറ്റത് സംബന്ധിച്ച പരാതി

82 [1557] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര സർവ്വീസ് സഹകരണ സംഘം എ 321-ന്റെ വസ്തു വിറ്റത് സംബന്ധിച്ച് ഉയർന്നുവന്ന ഗുരുതരമായ പരാതികളെ കുറിച്ച് പോലീസ് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ വിഭാഗം നടത്തുന്ന അന്വേഷണം ഏത് ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ട് വർഷക്കാലമായി നടക്കുന്ന ഈ വിജിലൻസ് അന്വേഷണം അടിയന്തിരമായി പൂർത്തിയാക്കി കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ സൂക്ഷ്മ പരിശോധന നടത്തിവരുന്നു.

(ബി) സൂക്ഷ്മ പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി

83 [1558] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എത്ര അതിവേഗ കോടതികൾ സംസ്ഥാനത്ത് സ്ഥാപിക്കാനാണ് കേന്ദ്രസർക്കാർ സാമ്പത്തിക സഹായം നൽകിയത്;

(സി) ഇതിനോടകം എത്ര കോടതികൾ സ്ഥാപിച്ചിട്ടുണ്ട്;

(ഡി) ഇത്തരം കോടതികൾ സ്ഥാപിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(ഇ) ഇതിന്റെ നടപടികൾ സമയത്തിന് പൂർത്തിയാക്കിയില്ലെങ്കിൽ കേന്ദ്രത്തിൽനിന്നും ലഭിച്ച തുക മടക്കി നൽകേണ്ടി വരുമോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം സുപ്രീംകോടതി സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 38 ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ 27 എണ്ണം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ബി) 38 ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനായി 10.87 കോടി രൂപയാണ് 11-ാം ധനകാര്യ കമ്മീഷൻ നീക്കിവച്ചിട്ടുള്ളതെങ്കിലും 4.65 കോടി രൂപ മാത്രമേ ഇതിനായി കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് 2-6-2003 വരെ അനുവദിച്ചിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly